കെട്ടിടവും 800 അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യവും ലഭ്യമാക്കുന്നതിനു നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ അംഗൻവാടികൾക്കും കളിക്കോപ്പുകൾ, മെഡിസിൻ കിറ്റുകൾ, പ്രീ-സ്കൂൾ വിദ്യാഭ്യാസം നടത്തുന്നതിന് ആവശ്യമായ സാധനസമഗ്രികൾ തുടങ്ങിയവ നൽകുന്നതിനു നടപടികൾ കൈക്കൊണ്ടു വരുന്നു. അംഗൻവാടി വർക്കറുടെയും ഹെൽപ്പറുടെയും ക്ഷേമം മുൻനിറുത്തി അവരുടെ ഓണറേറിയത്തിൽ കേന്ദ്രസർക്കാരിന്റെ വിഹിതത്തിന് ഉപരിയായി ഇരുന്നൂറ് രൂപ ക്രമത്തിൽ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പ്രതിമാസം സംസ്ഥാന സർക്കാരിന്റെ വിഹിതമായി നൽകി വരുന്നു. കൂടാതെ ഇവർക്ക് സർക്കാർ ജീവനക്കാരെപ്പോലെ 20 ദിവസത്തെ കാഷ്വൽ അവധി, വിദേശത്ത് ജോലിനോക്കുന്നതിനു മൂന്ന് വർഷത്തെ വേതനം ഇല്ലാത്ത അവധി. ശമ്പളത്തോടുകൂടി 90 ദിവസത്തെ പ്രസവ അവധി (2 പ്രസവത്തിന് മാത്രം) 42 ദിവസത്തെ ശമ്പളത്തോടുകൂടി അബോർഷൻ ലീവ് (ഒരു പ്രാവശ്യം) എന്നിവ നൽകി വരുന്നു. ഇതിനു പുറമേ ഇവർക്കു ഉത്സവബത്ത ഓണം അഡ്വാൻസ്, യാത്രബത്ത, സമാശ്വാസതൊഴിൽദാനപദ്ധതി, വെൽഫയർ ഫണ്ട് തുടങ്ങിയവയും പ്രാബല്യത്തിലുണ്ട്.

**കൈത്തറി വ്യവസായത്തിന് കൂടുതൽ ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി**

30 (*120) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായമായ കയർ മേഖലയ്ക്ക് അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പരമ്പരാഗത വ്യവസായമായ കൈത്തറിക്ക് അനുവദിക്കുമോ ;

(ബി) ലക്ഷക്കണക്കിന് രൂപയുടെ തുണിത്തരങ്ങൾ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ വില്പനയില്ലാതെ കെട്ടിക്കിടക്കുമ്പോൾ ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് തുണിത്തരങ്ങൾ വാങ്ങി കേരളത്തിൽ വിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൈത്തറി വ്യവസായത്തിന്റെ നിലനില്പിനെ തകർക്കുന്ന ഇത്തരം നടപടി തുടരാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കയർ മേഖലയ്ക്ക് അനുവദിച്ചിട്ടുള്ള പലിശ, സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ കൈത്തറി മേഖലയ്ക്ക് അനുവദിക്കണമോ എന്നകാര്യം സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കയാണ്.

(ബി) കേരളത്തിൽ ഉല്പാദിക്കപ്പെടുന്ന കൈത്തറി വസ്ത്രങ്ങൾ വിറ്റഴിക്കപ്പെടുന്നതിന് കൂടുതൽ സഹായകരമാക്കുക എന്ന ഉദ്ദേശത്തോടെ,

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ വർഷം വരെ വളരെ പരിമിതമായ അളവിൽ കേരളത്തിൽ ഉല്പാദിപ്പിക്കാത്ത തരം സാരികൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും സംഭരണം നടത്തിയിട്ടുണ്ട്. ഇത് വാർഷിക വിറ്റുവരവിന്റെ 10-15 ശതമാനം മാത്രമേ ഉള്ളു.

(സി) ഇക്കഴിഞ്ഞ വർഷം ഇത്തരം സാരികൾ സംസ്ഥാനത്തിനകത്തു തന്നെ ഉല്പാദിപ്പിക്കാനുള്ള ശ്രമം നടത്തി. ഈ വർഷം ഹാന്റെക്സിന്റെ അംഗ സംഘങ്ങളിൽ തന്നെ ഇത്തരം സാരിത്തരങ്ങൾ പൂർണ്ണമായും ഉല്പാദിപ്പിക്കുന്നതിനുള്ള തീവ്രശ്രമം നടത്തിവരികയാണ്.

## (2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വ്യവസായ പുനരുദ്ധാരണത്തിനായി സമാഹരിച്ച തുക

1 (562) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ പുനരുദ്ധാരണത്തിനായി ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര തുക സമാഹരിച്ചിട്ടുണ്ട് ;

(ബി) ഈ തുകയ്ക്ക് പ്രതിമാസം പലിശയിനത്തിൽ എന്തു ചെലവു വരും ;

(സി) ഈ തുകയിൽ നിന്ന് വ്യവസായ പുനരുദ്ധാരണത്തിന് എന്തു തുക നൽകി;

(ഡി) ഏതെല്ലാം വ്യവസായങ്ങൾക്കാണ് തുക നൽകിയത് ;

(ഇ) ഇതിൽ നിന്ന് ഏതെല്ലാം വ്യവസായങ്ങൾക്ക് നൽകിയ എന്തു തുകയ്ക്കുള്ള ചെക്കുകൾ 31-1-2001 ലെ കണക്കനുസരിച്ച് മാറാതെയുണ്ട് ;

(എഫ്) വ്യവസായ വികസനത്തിന്റെ പേരിൽ പുതിയതായി കടമെടുക്കുന്നതിന് പരിപാടിയുണ്ടായിരുന്നുവോ ;

(ജി) എങ്കിൽ എന്തു തുക ;

(എച്ച്) ഈ വായ്പയെടുക്കാതിരിക്കുവാനുള്ള കാരണമെന്ത് ?

ഉത്തരം

(എ) കേരള വ്യവസായ പുനരുദ്ധാരണ നിധി ബോർഡ് ബോണ്ടുകളുടെ വിൽപ്പന വഴി 180 കോടി രൂപയും, സർക്കാർ വിഹിതമായി 45 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

(ബി) ബോണ്ടുകളുടെ വിൽപ്പന വഴി സമാഹരിച്ച 180 കോടി രൂപയ്ക്ക് പ്രതിമാസം 202.50 ലക്ഷം രൂപ പലിശയിനത്തിൽ ചെലവു വരും.

LIBRARY ARCHIVES Kerala Legislative Assembly